ഉത്തരം

(എ) 544 കൈവശക്കാരുണ്ട്.

(ബി) ഇവർ പ്രസ്തുത ഭൂമിയിൽ 1970-നും അതിന് ശേഷവുമായിട്ടാണ് കൂടിയേറിയിട്ടുള്ളത്.

(സി) ഈ സ്ഥലം 75 ആളുകൾക്ക് നേരത്തെ പതിച്ചു ഉത്തരവ് നൽകിയിട്ടുള്ളതാണ്. അതുകൊണ്ട് കൈയേറ്റക്കാരായ കൈവശക്കാർക്ക് വീണ്ടും പട്ടയം നൽകുവാൻ നിയമ തടസ്സം ഉണ്ട്.

(ഡി)&(ഇ) തടസ്സം നീക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായി പരിശോധിച്ചു വരുന്നു.

80 (637) തൃശ്ശൂർ ജില്ലയിൽ വനഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹൈക്കോടതി അനുമതി ലഭിച്ചതിനെത്തുടർന്ന് വനഭൂമിക്ക് പട്ടയം നൽകുന്ന പദ്ധതിയിൻപ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇങ്ങനെ പട്ടയം നൽകുന്ന ഭൂമി ജില്ലയുടെ ഏതെല്ലാം പ്രദേശത്താണ്;

(സി) എത്ര പേർക്ക് ജില്ലയിൽ പട്ടയം നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എന്നു മുതൽ പട്ടയം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതി അനുമതി ലഭിച്ചതിനെ തുടർന്ന് വനഭൂമിക്ക് പട്ടയം നൽകുന്ന പദ്ധതിയിൻപ്രകാരം തൃശ്ശൂർ ജില്ലയിൽ കേന്ദ്രാനുമതി കിട്ടിയ 2720 ഹെക്ടർ വനഭൂമിക്ക് ഇപ്പോൾ പട്ടയം നൽകാൻ കഴിയും.

(ബി) മേൽ പദ്ധതി പ്രകാരം പട്ടയം നൽകുന്നതിനുള്ള സ്ഥലം തൃശ്ശൂർ, ജില്ലയിൽ തവപ്പിള്ളി, തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിൽ മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട്, പീച്ചി, പാലപ്പിള്ളി, വെള്ളിക്കുളങ്ങര, പരിയാരം എന്നീ ഫോറസ്റ്റ് റേഞ്ചിൽപ്പെട്ടതാണ്.

(സി) 2720 ഹെക്ടർ സ്ഥലം ഏകദേശം 7375 കൈവശക്കാർക്ക് നൽകാനാവുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) 1999 ഡിസംബർ മുതൽ പട്ടയം നൽകാൻ കഴിയുന്നതാണ്.

81 (638) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡ് കൊത്തിയപാറ നിവാസികൾക്ക് പട്ടയം നൽകുന്നതിനു നടപടി

ശ്രീമതി എൻ.കെ. രാധ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡ് കൊത്തിയപാറ നിവാസികൾക്ക് പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

ഉത്തരം

(എ)&(ബി) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡ് കൊത്തിയപ്പാറ നിവാസികൾക്ക് പട്ടയം നൽകണമെന്നാവശ്യത്തിന്മേൽ നടപടി സ്വീകരിക്കുവാൻ കൊയിലാണ്ടി തഹസിൽദാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

82 (639) കുത്താളി പഞ്ചായത്തിലെ എസ്. സുധീറിന്റെ അപേക്ഷയിന്മേൽ നടപടി

ശ്രീമതി എൻ.കെ. രാധ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കുത്താളി ഗ്രാമപഞ്ചായത്ത് 4-ാം വാർഡ് പത്തിപ്പറമ്പു ചേമ്പുമലച്ചാലിൽ സെറ്റിൽമെന്റ് കോളനി കൺവീനർ പട്ടയം, വീട്ടുനമ്പർ, റേഷൻകാർഡ് എന്നിവ ലഭിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

83 (640) കുറഞ്ഞ പാട്ടനിരക്കിൽ കൈവശമുള്ള ഭൂമി

ശ്രീ. ബാബുദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ഭൂമി വർഷങ്ങളായി വൻകിട സ്ഥാപനങ്ങളും വ്യക്തികളും കുറഞ്ഞ പാട്ടനിരക്കിൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി ഏത് നിരക്കിലാണ് നൽകിയിട്ടുള്ളതെന്ന കണക്ക് വെളിപ്പെടുത്തുമോ;

(സി) ഭൂമിപതിവ് ചട്ടങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം ഒടുവിലായി പാട്ടനിരക്ക് വർദ്ധിപ്പിച്ചതെന്നാണ്;

(ഡി) വർഷങ്ങളായി നിലനിൽക്കുന്ന കുറഞ്ഞ പാട്ടനിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) വിവിധ സർക്കാർ ഡിപ്പാർട്ടുമെന്റുകൾ ഓഫീസുകൾക്കും മറ്റു വികസന കാര്യങ്ങൾക്കുംവേണ്ടി സർക്കാരിൽനിന്നും ഭൂമി പതിച്ചുവാങ്ങുകയും അതിനുശേഷം അവ ആരംഭിക്കാത്തതുമൂലം വെറുതെ കിടക്കുന്നതുമായ വസ്തുക്കളെ പ്രയോജനമായി വിനിയോഗിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly